**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 311** **01-02-2023 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ ആകെ 3496.49 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ **അനുബന്ധം I** ആയി ചേർക്കുന്നു. |
| (ബി) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ പ്രത്യേക തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | ഈ സർക്കാരിന്റെ കാലത്ത് സബ്സ്ഡി നിരക്കിൽ 13 ഇനം അവശ്യ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി 75 കോടി രൂപയും കോവിഡ് സമാശ്വാസക്കിറ്റ്, ഓണക്കിറ്റ് എന്നിവ വിതരണം ചെയ്യുന്നതിനായി 1700.19 കോടി രൂപയും ചേർത്ത് വിപണിയിടപെടൽ ശീർഷകത്തിൽ ആകെ **1775.19 കോടി രൂപ** അനുവദിച്ചിട്ടുണ്ട്. വിവരങ്ങൾ **അനുബന്ധം II** ആയി ചേർക്കുന്നു. |
| (സി) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചുവടെ പറയും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>വിപണിയിടപെടലിന്റെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴിയും വിവിധ ഫെയറുകൾ വഴിയും സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്ക് വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില 2016 മെയ് മാസം മുതൽ വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 31 മുതൽ 76 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു |

ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു.

ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉല്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉല്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.

90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിൽപ്പന നടത്തി ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കുന്നു.

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വില്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27/08/2022 മുതൽ 07/09/2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വില്പന നടന്നു. ഓണം ഫെയറുകളിൽ നിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്മസ് സീസണിൽ വിപണിയിടപെടലിന്റെ ഭാഗമായി സപ്ലൈകോ തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ പ്രത്യേക ക്രിസ്മസ് ഫെയറുകൾ സംഘടിപ്പിച്ചു വരുന്നു. ഇത്തവണ മേൽപ്പറഞ്ഞ

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ 22/12/2022 മുതൽ 02/01/2023 വരെയുള്ള കാലയളവിൽ പ്രത്യേക ക്രിസ്മസ്-പുതുവത്സര ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇക്കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ എന്നീ വിൽപ്പനശാലകളും ക്രിസ്മസ് – പുതുവത്സര മാർക്കറ്റുകളായി പ്രവർത്തിച്ചു.<br><br>04/04/2022 മുതൽ 02/05/2022 വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ് ശ്രേണിയിലുള്ള എല്ലാ വിൽപ്പനശാലകളും വിഷു-ഈസ്റ്റർ - ഈദ്-ഉൽ ഫിതർ ഫെയറുകളായി പ്രവർത്തിച്ചു.<br><br>അരി വിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തിര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ 02/11/2022 മുതൽ 08/11/2022 വരെ 6 ദിവസത്തേക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. ഇതിലൂടെ 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ (23,24,25 രൂപയ്ക്ക്) വിൽപ്പന നടത്തിയത്. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി' യുടെ സേവനം ക്രമീകരിച്ചത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| സർക്കാരിൽ നിന്നും അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ (തുക കോടിയിൽ) | | | |
|---|---|---|---|
| **ക്രമ നമ്പർ** | **പ്ലാൻ** | **2021-22** | **2022-23** |
| 1 | വില്പനശാല നവീകരണം | 2.2 | 3.00 |
| 2 | NFSA 2013 നടപ്പാക്കൽ ഇന്റർ മീഡിയറി ഗോഡൗൺ നിർമ്മാണം | 4.74 | 0.68 |
| 3 | NFSA 2013 സിം ചാർജ് &തെർമൽ പേപ്പർ റോൾ | 2.28 | 1.71 |
| 4 | NFSA 2013 കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ | - | 1.2 |
| 5 | NFSA 2013 GPS VEHICLE | 0.27 | - |
| | **ആകെ** | **9.49** | **6.59** |
| | | **Grand Total - 16.08** | |
| **ക്രമ നമ്പർ** | **നോൺ പ്ലാൻ** | **2021-22** | **2022-23** |
| | NFSA2013 നടപ്പാക്കൽ ഗതാഗത കൈകാര്യ ചെലവുകൾ | 220.77 | 84.87 |
| | വിപണിയിടപെടൽ &കോവിഡ് കിറ്റ് മെയ്, ജൂൺ,ഓണം കിറ്റ്, | 1375.19 | 400 |
| | സംസ്ഥാന പ്രോത്സാഹന വിഹിതം(നെല്ല് സംഭരണം) | 691.39 | 274.36 |
| | CMR (നെല്ല് സംഭരണം) | 251.28 | 182.55 |
| | **ആകെ** | **2538.63** | **941.78** |
| | | **Grand Total - 3480.41** | |
| | **പ്ലാൻ + നോൺ പ്ലാൻ ആകെ = 3496.49** | | |

**അനുബന്ധം II**

| ക്രമ നം. | സാമ്പത്തിക വർഷം | സർക്കാർ അനുവദിച്ച തുക (രൂപ കോടിയിൽ) | | |
|---|---|---|---|---|
| | | വിപണിയിടപെടൽ | സൗജന്യ ഭക്ഷ്യകിറ്റ് | ആകെ |
| 1 | 2021-22 | 75.00 | 1300.19 | 1375.19 |
| 2 | 2022-23 (2023 ജനുവരി വരെ ) | 0.00 | 400.00 | 400.00 |
| | **ആകെ** | **75.00** | **1700.19** | **1775.19** |